ശ്രീഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ 2011 ഏപ്രിൽ മാസത്തിൽ ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയും ക്ഷേത്ര ഭരണം ഏറ്റെടുക്കണമെന്ന ഹൈക്കോടതി ഉത്തരവ് ബഹുമാനപ്പെട്ട സുപ്രീംകോടതി സ്റ്റേ ചെയ്യുകയുമുണ്ടായി. പ്രസ്തുത സ്റ്റേ ഇപ്പോഴും നിലനിൽക്കുകയാണ്. അതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) ശ്രീപത്മനാഭസ്വാമി ക്ഷേത്ര ഭരണം ഗുരുവായൂർ ക്ഷേത്ര ഭരണത്തിന്റെ മാതൃകയിൽ നടപ്പിലാക്കാവുന്നതാണെന്നും ഇതിനായി നിയമനിർമ്മാണം നടത്താമെന്നും സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ട്. ക്ഷേത്രഭരണം സംബന്ധിച്ച ഹൈക്കോടതി വിധിയെ സർക്കാർ സുപ്രീം കോടതിയിൽ എതിർത്തിട്ടില്ല. അതിനാൽ നിലപാട് മാറ്റത്തിന്റെ പ്രശ്നമില്ല. ക്ഷേത്രസ്വത്ത് കൈകാര്യം ചെയ്യുന്ന കാര്യം അപ്രകാരം നിയമിക്കപ്പെടുന്ന ഭരണ സമിതി ഉചിതമായി തീരുമാനിക്കുന്നതാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ അന്തിമവിധിക്ക് അനുസൃതമായി സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

(സി) ക്ഷേത്രഭരണ കാര്യങ്ങളെപ്പറ്റിയും മറ്റ് ബന്ധപ്പെട്ട വിഷയങ്ങളെ സംബന്ധിച്ചും പഠിച്ച് റിപ്പോർട്ട് നൽകുവാൻ ഒരു അമിക്കസ്ക്യൂറിയെ ബഹുമാനപ്പെട്ട സുപ്രീംകോടതി നിയമിച്ചിരുന്നു. അമിക്കസ്ക്യൂറി റിപ്പോർട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് കോടതിയുടെ പരിഗണനയിലാണ്. അമിക്കസ്ക്യൂറിയുടെ ആക്ഷേപം തികച്ചും അടിസ്ഥാനരഹിതമാണെന്ന് കോടതിയെ അറിയിച്ചിട്ടുണ്ട്. ഈ സർക്കാരും രാജകുടുംബവുമായി ഒത്തുകളിച്ചതായി ബഹുമാനപ്പെട്ട സുപ്രീംകോടതി ഇതുവരെ പരാമർശിച്ചിട്ടില്ല.

## ഉൾനാടൻ ജലാശയ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികളുടെ സുരക്ഷ

17 (*76) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൾനാടൻ ജലാശയ വിനോദ കേന്ദ്രങ്ങളിൽ സഞ്ചാരികളുടെ സുരക്ഷയും സൗകര്യങ്ങളും ഉറപ്പു വരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹൗസ് ബോട്ടുകൾ ഉൾപ്പെടെയുള്ള ജലയാനങ്ങൾ ഉപയോഗപ്പെടുത്തുന്ന വിനോദ സഞ്ചാരികൾ ചൂഷണം ചെയ്യപ്പെടാതിരിക്കാൻ എന്തൊക്കെ മുൻ കരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സീസണിൽ എത്രത്തോളം വിദേശ ടൂറിസ്റ്റുകളെ ഈ മേഖലയിൽ പ്രതീക്ഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ?

പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) :

(എ) ഉൾനാടൻ ജലാശയങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഹൗസ് ബോട്ടുകളുടെ നിലവാരം ഉയർത്തുന്നതിനും സുരക്ഷ ഉറപ്പു വരുത്തുന്നതിനുമായി ഹൗസ് ബോട്ട് ക്ലാസിഫിക്കേഷൻ പദ്ധതി നടപ്പാക്കി വരുന്നു. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന ഹൗസ് ബോട്ടുകളെ നിയന്ത്രിക്കുക എന്ന ഉദ്ദേശത്തോടെ നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് ഉറമുഖ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഹൗസ് ബോട്ടുകളുടെ പ്രവർത്തനം നിയന്ത്രണ വിധേയമാക്കുവാനും സുരക്ഷ ഉറപ്പുവരുത്തുവാനും പരിസ്ഥിതിയെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനുമുള്ള വ്യവസ്ഥകൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഹൗസ് ബോട്ടുകളുടെ സഞ്ചാരപഥം, സഞ്ചാരികളുടെ വിവരം എന്നിവ ലഭിക്കുന്നതിനുള്ള ഒരു സ്ഥിരം സംവിധാനം എന്ന നിലയിൽ ഹൗസ് ബോട്ട് ട്രാക്കിംഗ് & സേഫ്റ്റി മാനേജ്മെന്റ് സിസ്റ്റം എന്ന ഒരു പദ്ധതി വകുപ്പ് വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സുരക്ഷിത ബോട്ടുകളെക്കുറിച്ചുള്ള വിശദമായ പട്ടിക വിനോദസഞ്ചാര വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക അനുബന്ധമായി വച്ചിരിക്കുന്നു.* ഉൾനാടൻ ജലാശയ വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ബോട്ട് ജെട്ടികൾ, സുരക്ഷാഭിത്തികൾ എന്നിവ നിർമ്മിച്ചുവരുന്നു. ജലയാനങ്ങളിൽ സഞ്ചരിക്കുന്നവർക്ക് ലൈഫ് ജാക്കറ്റ് ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനങ്ങൾ ഉറപ്പുവരുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഹൗസ് ബോട്ടുകൾ ഉപയോഗപ്പെടുത്തുന്ന വിനോദ സഞ്ചാരികൾ ചൂഷണം ചെയ്യപ്പെടാതിരിക്കുന്നതിന് ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ഹൗസ് ബോട്ട് ബുക്ക് ചെയ്യുന്നതിനുള്ള ഒരു സംവിധാനം ആലപ്പുഴ ബോട്ട് ജെട്ടി കോംപ്ലക്സിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇവിടെ നിന്നും ഹൗസ് ബോട്ടുകളുടെ നിരക്ക്, സൗകര്യം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാണ്. കൂടാതെ വകുപ്പിന്റെ ഇൻഫർമേഷൻ കൗണ്ടറുകളിൽ നിന്നും ഹൗസ് ബോട്ടുകളുടെ വിവരം ലഭ്യമാണ്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2013 വർഷം 888143 വിദേശ വിനോദ സഞ്ചാരികളും 10857811 ആഭ്യന്തര സഞ്ചാരികളും കേരളം സന്ദർശിച്ചു ഈ വർഷവും കേരളത്തിൽ ഉൾനാടൻ ജലാശയങ്ങൾ ഉൾപ്പെടെയുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികളുടെ വർദ്ധനവ് പ്രതീക്ഷിക്കുന്നു.

**കേന്ദ്ര സർക്കാരിന്റെ തൊഴിൽ നിയമ പരിഷ്കരണം**

18 (*77) ശ്രീ. എളമരം കരീം :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എം. ഹംസ :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലാളികളുടെ കൂട്ടായ വിലപേശൽ ശക്തി ഇല്ലാതാക്കാനും കരാർവൽക്കരണം വ്യാപകമാക്കാനും സ്ത്രീതൊഴിലാളികളെ തൊഴിൽ മേഖലയിൽ നിന്നു പുറന്തള്ളാനും കാരണമായേക്കാവുന്ന തൊഴിൽ നിയമപരിഷ്കരണം കേന്ദ്ര സർക്കാർ പരിഗണിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിലുള്ള പരിഷ്കരണം സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ എന്ത് പ്രത്യാഘാതമുണ്ടാക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇത്തരം തൊഴിലാളി വിരുദ്ധ നിയമനിർമ്മാണത്തോടുള്ള സംസ്ഥാനത്തിന്റെ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിക്കാൻ തയ്യാറാകുമോയെന്ന് വിശദമാക്കാമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് മാധ്യമങ്ങളിലൂടെയുള്ള അറിവുകൾ മാത്രമാണുള്ളത്. മറ്റ് വിശദാംശങ്ങൾ ഒന്നും തന്നെ അറിയുവാൻ കഴിഞ്ഞിട്ടില്ല.

(ബി) ഇല്ല.

(സി) കേന്ദ്ര സർക്കാർ തൊഴിൽ നിയമങ്ങളിൽ വരുത്താൻ ശ്രമിക്കുന്ന മാറ്റങ്ങളെ സംബന്ധിച്ച് വ്യക്തമായ വിവരം ലഭിച്ചതിനുശേഷം സംസ്ഥാനത്തിന്റെ അഭിപ്രായം അറിയിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly